മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, 8-3-2000 ത്തിന് എറണാകുളം മണിയേട് ഗ്രാമപഞ്ചായത്ത് ഹാളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വെച്ചൂർ സർക്കാർ ഹോമിയോ ആശുപത്രിക്ക് കോമ്പൗണ്ട് വാൾ കെട്ടുന്നതിനുള്ള കമ്മിറ്റിയോഗം നടന്നു. യോഗസ്ഥലത്തു വച്ച് ആ ആശുപത്രിയിലെ ഡോ. നന്ദകുമാറിനെ ചില ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ ദേഹോപദ്രവമേല്പിച്ചതായി വിവരം ലഭിച്ചു. ഇതു സംബന്ധിച്ച് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 44/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. ഡോക്ടറെ ദേഹോപദ്രവമേല്പിച്ചതായി പറയുന്ന ഗ്രാമപഞ്ചായത്ത് അംഗം ഗോപിനാഥ് പിറവം ആശുപത്രിയിൽ അഡ്മിറ്റായി. ഇതു സംബന്ധിച്ച് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 49/2000 നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. ഡോക്ടറെ ദേഹോപദ്രവമേല്പിച്ച ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബിജുസൈമൺ, രാജു എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ട് കേസുകളിലുമുള്ള അന്വേഷണം നടന്നുവരികയാണ്.

(4) കൊടകര നിയോജകമണ്ഡലത്തിലെ റബ്ബർ മരങ്ങൾ മുറിക്കുകയും അത് ലോറിയിൽ കയറ്റുകയും ചെയ്യുന്ന തൊഴിലാളികളെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, 15-3-2000-ന് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിൽ പോലീസ് അവിടത്തെ തൊഴിലാളികളെ മർദ്ദിച്ചതിന്റെ വെളിച്ചത്തിൽ, അതിനുശേഷമുണ്ടായ ചില സംഭവവികാസങ്ങളും അവിടെ നടന്ന കാര്യങ്ങളുമാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവിടെ കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങളായി നില നിൽക്കുന്ന ഒരു തൊഴിലാണ് മരംമുറി. പ്രത്യേകിച്ച് റബ്ബർ മരങ്ങൾ ധാരാളമുള്ള പ്രദേശത്ത് അവ പ്രായമാകുന്നതോടുകൂടി വെട്ടിമാറ്റുകയും പുനർകൃഷി നടത്തുകയും ചെയ്യുന്ന സമ്പ്രദായമുണ്ട്. സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., മറ്റു സ്വതന്ത്ര യൂണിയനുകളിലും പെട്ട 500-ഓളം തൊഴിലാളികൾ മരം മുറിക്കലിലും മരം കയറ്റി കൊടുക്കുന്ന തൊഴിലിലും ഏർപ്പെട്ടിരിക്കുകയാണ്. ഈ അടുത്തകാലത്ത് കയ്ലോൺ ആഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 25,000 വരുന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള കരാറെടുത്തു. ഈ തൊഴിലാളികളുമായി ചില തൊഴിൽത്തർക്കങ്ങളും (കൂലിസംബന്ധിച്ച്) നിലനിൽക്കുന്നുണ്ട്. ആ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഡിസ്ട്രിക്ട് ലേബർ ആഫീസിൽ വച്ച് ചർച്ചയും നടക്കുന്നുണ്ടായിരുന്നു. ആ അവസരത്തിലാണ് കയിലോൺ ആഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഉടമ കൊല്ലം കരീം എന്ന വ്യക്തി ഹൈക്കോടതിയെ സമീപിച്ച് യന്ത്രം ഉപയോഗിച്ച് മരം മുറിക്കുന്നതിനുള്ള അനുവാദം സമ്പാദിച്ചത്. അപ്രകാരം മരം മുറിക്കൽ നടത്തുന്നതിന് പോലീസ് സംരക്ഷണം നൽകി. അതിന്റെയടിസ്ഥാനത്തിൽ ഏകദേശം 140-ഓളം വരുന്ന മരം മുറിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. അത് പുനഃസ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി അവർ ലേബർ ആഫീസറെ സമീപിക്കുകയും ചെയ്തു. അതേസമയം പോലീസ്, ഹൈക്കോടതിയുടെ സംരക്ഷണം ഉണ്ടെന്നുള്ള ഒറ്റ

LIBRARY ARCHIVES Kerala Legislative Assembly

കാരണത്താൽ മരം മുറിക്കുന്നതിനുള്ള സംരക്ഷണം കൊടുക്കുകയുമുണ്ടായി. വാസ്തവത്തിൽ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജീവൻ പ്രശ്നമാണ്. പത്തുമുപ്പതു വർഷമായി ചെയ്തുവരുന്ന തൊഴിൽ ഒരു കോടതി വിധിയുടെ അടിസ്ഥാനത്തിൽ, അല്ലെങ്കിൽ കോടതിയെ തെറ്റിദ്ധരിപ്പിച്ച് മറ്റു തൊഴിലാളികളുടെയോ തൊഴിലാളിയൂണിയനുകളുടെയോ അഭിപ്രായം കേൾക്കാതെ എടുത്ത തീരുമാനം പുനഃപരിശോധിക്കണമെന്നാണ് പറയുന്നത്. കോടതിയിൽ വാദം നടന്നുകൊണ്ടിരിക്കുന്ന അവസരത്തിലാണ് പോലീസ് സംരക്ഷണത്തിന്റെ അടിസ്ഥാനത്തിൽ മരംമുറി നടക്കുന്നത്. അതേസമയം മുറിച്ച മരം ലോറികളിൽ കയറ്റി കൊണ്ടുപോകുന്നതിന് പോലീസ് അനധികൃതമായി നടപടി സ്വീകരിക്കുകയുണ്ടായി. അങ്ങനെ കയറ്റിക്കൊണ്ടുവന്ന മരം വരന്തരപ്പള്ളി പഞ്ചായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കേന്ദ്രമായ വേലിപ്പാടം പൗണ്ട്ജംങ്ഷനിൽ വച്ച് 500-ഓളം വരുന്ന തൊഴിലാളികൾ തടുക്കുകയുണ്ടായി. ലോറിയെ പിക്കറ്റ് ചെയ്ത അവസരത്തിൽ അവിടെ അൻപതോളം പോലീസുകാർ വന്ന് ആ പിക്കറ്റുചെയ്ത തൊഴിലാളികളെ അകാരണമായി മർദ്ദിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്തു. വാസ്തവത്തിൽ യാതൊരു തരത്തിലുമുള്ള പ്രകോപനവും ആ സമയത്ത് അവിടെ ഇല്ലായിരുന്നു. എന്നാൽ അവിടത്തെ സി.ഐ. വളരെ വിവേകശൂന്യമായ ഒരു നടപടി എടുത്തതുകൊണ്ടാണ് അനിഷ്ട സംഭവങ്ങളുണ്ടായത്. തുടർന്ന് തൊഴിലാളികളും പോലീസും തമ്മിൽ വളരെ നേരത്തെ സംഘട്ടനം നടന്നു. സി.ഐ.മാരടക്കമുള്ള ആളുകൾക്കും ഏതാനും തൊഴിലാളികൾക്കും പരിക്കുപറ്റിയിട്ടുണ്ട്. തൊഴിലാളികളെ നിയന്ത്രിക്കാനോ അവിടത്തെ സ്ഥിതി ശാന്തമാക്കാനോ സാധിക്കാത്ത അന്തരീക്ഷം വന്നപ്പോൾ പോലീസ് അങ്ങാടി യിൽ മുഴുവനുമുള്ള പീടികയിൽ കയറി എല്ലാം നശിപ്പിക്കുകയും വീടുകളിൽ കയറി നാശനഷ്ടം വരുത്തുകയും ചെയ്തു. പ്രത്യേകിച്ച് ബക്രീദിന്റെ തലേദിവസം നടന്ന സംഭവമെന്ന നിലയ്ക്ക്..... മുസ്ലീം ജനവിഭാഗം കൂടുതൽ തിങ്ങിപ്പാർക്കുന്ന ആ പ്രദേശത്ത് ഇന്ന് ഹർത്താലാണ്. ഒരുകാരണവശാലും ഇതുമായി ബന്ധപ്പെടാത്ത കുറെ ആളുകളെ അറസ്റ്റു ചെയ്തു. അന്നുതന്നെ ആ വീടുകൾ മുഴുവൻ തല്ലിത്തകർത്തു. അവിടെ വലിയൊരു ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. ഇപ്പോഴും പോലീസ് കാവലുണ്ട്. ഒരു വീട്ടിലും പുരുഷന്മാരായിട്ടുള്ള ഒറ്റ ആളും ഇല്ല. ഇതിന് യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഗവൺമെന്റിന്റെ ബന്ധപ്പെട്ട ആളുകളെ ഈ വിവരം അറിയിച്ചു. ഞാൻ അവിടുത്തെ ജനപ്രതിനിധി എന്നുള്ള നിലയിൽ കളക്ടറോട് സംസാരിച്ചു. കളക്ടർ ഒരു കോൺഫറൻസ് വിളിക്കുവാൻ പോലും ഇതുവരെ തയ്യാറായിട്ടില്ല. ദിവസങ്ങൾ നീണ്ടു പോവുകയാണ്. എല്ലാ ആളുകളും ഒളിവിലാണ്. വലിയ ഭീകരാന്തരീക്ഷമാണ് അവിടെയുള്ളത്. ഇപ്പോൾ അവിടെ ചെയ്യുവാൻ കഴിയുന്നത് ഒറ്റ വാചകത്തിൽ പറയാം. അകാരണമായിട്ട് ആളുകളെ അറസ്റ്റു ചെയ്തിരിക്കുകയാണ്. പൗണ്ട് ജംങ്ഷനിലെ വീടുകൾ മുഴുവൻ തല്ലിത്തകർത്തിരിക്കുകയാണ്. അവിടെയുള്ള സ്ത്രീകളെ മുഴുവൻ അസഭ്യം പറയുകയാണ്. ഷംസുദ്ദീൻ, മംഗലത്ത് തൊടിയിൽ ഷമീർ നസറുദ്ദീൻ സഹോദരൻ നജിമുദ്ദീൻ എന്നിവരെ പോലീസ് അറസ്റ്റുചെയ്തുകൊണ്ടുപോയി. അവർ റിമാന്റിൽ കഴിയുകയാണ്. മുസ്ലീംലീഗിന്റെ ഒരു പ്രാദേശികനേതാവിന്റെ മക്കളാണ് അവർ. നമ്മുടെ സഭയിലെ ശ്രീ. എൻ. ആർ. ബാലൻ,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എസ്. ശശി തുടങ്ങിയ മാർക്സിസ്റ്റു പാർട്ടിയുടെ ജില്ലാ നേതാക്കൻമാരും മറ്റെല്ലാ പാർട്ടികളുടെ നേതാക്കന്മാരും നിരപരാധികളായ ആളുകളെ ഈ കേസിൽ നിന്നും ഒഴിവാക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടു. ഈ കാര്യത്തിൽ അനാവശ്യമായി അറസ്റ്റുചെയ്യപ്പെട്ടവർ യാതൊരു വിധത്തിലും കുറ്റക്കാരല്ലെന്ന് ജനങ്ങൾക്ക് മുഴുവനും പോലീസിനടക്കം ബോധ്യമുള്ളതാണ്. അതോടൊപ്പം അവിടെ പണിയെടുക്കുവാനും ജോലി നഷ്ടപ്പെട്ടവർക്ക് ജോലി പുനഃസ്ഥാപിക്കുവാനും ആവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരായി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, തൃശ്ശൂർ പാലപ്പിള്ളി പ്രദേശത്ത് സ്ളാട്ടർ ടാപ്പിംഗ് കഴിഞ്ഞ റബ്ബർ മരങ്ങൾ മുറിച്ചു മാറ്റുന്നതും ലോഡ് ചെയ്യുന്നതും സംബന്ധിച്ച് തൊഴിൽ തർക്കം നിലനിന്നിരുന്നു. മരം മുറിക്കുന്നതിനും അത് ലോഡ് ചെയ്യുന്നതിനും പോലീസ് സംരക്ഷണം നല്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഉത്തരവ് നൽകി. അതാണ് അവിടത്തെ പ്രശ്നം. ഹൈക്കോടതി ഉത്തരവിനെ ഇംപ്ലിമെന്റ് ചെയ്യാൻ പോലീസും ബാധ്യസ്ഥരാണ്. ബാക്കി പറഞ്ഞതെല്ലാം ശരിയായിരിക്കാം. സംരക്ഷണം കൊടുക്കണമെന്ന് ഹൈക്കോടതിയുടെ ഒരു തീരുമാനം ഉണ്ട്. അതു പിൻവലിക്കുവാൻ കേസു കൊടുത്തിട്ടുണ്ട്. അതു തീർന്നിട്ടില്ല. അതു തീരുന്നതിന് മുൻപ് ഇവിടെ പ്രസംഗിച്ചതൊക്കെ ശരിയായിരിക്കാം. വസ്തുതയായിരിക്കാം. പക്ഷെ ഹൈക്കോർട്ടിന്റെ ജഡ്ജ്മെന്റ് പോലീസിനു നടപ്പാക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതു പ്രകാരം 15-3-2000-ത്തിന് ലോഡ് കയറ്റിപ്പോയ ലോറിയെ വേലിപ്പാടം പൗണ്ട് ജംങ്ഷനിൽ വച്ച് തൊഴിലാളികൾ തടഞ്ഞു. കോടതിവിധി ഉടമയ്ക്ക് അനുകൂലമായിട്ടാണ്. തുടർന്ന് ലോറിക്കും, അകമ്പടിപോയ പോലീസ് ജീപ്പിനും നേരെ കല്ലെറുണ്ടായി. അപ്പോൾ അക്രമാസക്തരായ ജനക്കൂട്ടം കല്ലെറിഞ്ഞു. പോലീസ് ജീപ്പ് കത്തിക്കുവാൻ ശ്രമിച്ചു. കല്ലേറിൽ രണ്ട് സർക്കിൾ ഇൻസ്പെക്ടർമാർ ഉൾപ്പെടെ 26 പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പരിക്കുപറ്റി. അത് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വരന്തരപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം 36/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്യുകയും തുടർന്ന് നാലുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ കേസിനുള്ള വിധി അറിഞ്ഞാൽ നമുക്ക് നടപ്പാക്കാം. അത്രയേയുള്ളൂ.

(5) കെ.എൽ.യു. നിയമത്തിലെ അപാകതകൾ

ശ്രീ. ടി. കെ. നൗഷാദ് : സർ, വീടില്ലാത്ത ആളുകളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്. കേരളത്തിലെ ജനങ്ങൾക്ക് ആവശ്യമായ നെല്ല് കേരളത്തിൽ ഉൽപാദിപ്പിക്കാൻ കഴിയാത്ത ദൗർഭാഗ്യകരമായ അവസ്ഥ ഇന്ന് നിലനിൽക്കുന്നുണ്ട്. എന്നാൽ ഇതു പരിഹരിക്കുവാൻ ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാവി തലമുറയോട് പ്രതിജ്ഞാബദ്ധതയുള്ള സർക്കാർ എന്നുള്ള നിലയ്ക്ക് നെൽക്കൃഷി ചെയ്യുവാൻ കഴിയുന്ന മുഴുവൻ സ്ഥലങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly